ഉത്തരം

(എ)&(ബി) ഉണ്ട്. 1998-99-ൽ "ബി.എ. ഫങ്ഷണൽ ഇംഗ്ലീഷ് വിത്ത് ജേർണലിസം ആന്റ് ട്രാൻസലേഷൻ" എന്ന കോഴ്സ് അനുവദിച്ചിട്ടുണ്ട്.

(സി) 1999-2000 ത്തിലേക്കുള്ള പുതിയ കോഴ്സുകൾ സംബന്ധിച്ച ശുപാർശകളൊന്നും കോഴിക്കോട് സർവകലാശാലയിൽ നിന്നും ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

49 (193) കണ്ണൂർ പോളിടെക്നിക്കിൽ പോളിമർ ടെക്നോളജി കോഴ്സ്

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പോളിടെക്നിക്കിൽ പോളിമർ ടെക്നോളജി കോഴ്സ് അനുവദിക്കാൻ വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴാണ് പ്രസ്തുത നിവേദനം ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സ് ആരംഭിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ പ്രസ്തുത കോഴ്സ് എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1997 ഡിസംബർ മാസം ശ്രീ. എം.വി. ജയരാജൻ എം.എൽ.എ. വിദ്യാഭ്യാസമന്ത്രിക്ക് നൽകിയതും, ശ്രീ. ആർ. രാഘവൻ കേരള മുഖ്യമന്ത്രിക്ക് നൽകിയതുമായ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ പുതിയ നിബന്ധന അനുസരിച്ച് സാധാരണ ഒരു പോളിടെക്നിക്കിൽ ഒന്നാംവർഷം പ്രവേശനം നൽകാവുന്ന കുട്ടികളുടെ എണ്ണത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ട്. കണ്ണൂർ പോളിടെക്നിക്കിൽ ഇപ്പോൾ 6 കോഴ്സുകളാണ് നിലവിലുള്ളത്. ഈ 6 കോഴ്സുകളിലായി 330 കുട്ടികൾക്ക് ഇപ്പോൾ പ്രവേശനം നൽകിവരുന്നു. ഇപ്പോഴത്തെ നിബന്ധനപ്രകാരം പുതിയ ഡിപ്ലോമ കോഴ്സുകൾ ഒന്നും കണ്ണൂർ ഗവ. പോളിടെക്നിക്കിൽ തുടങ്ങാൻ സാധിക്കുകയില്ല. പുതിയ ഒരു കോഴ്സ് തുടങ്ങണമെങ്കിൽ ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും ഒരു കോഴ്സ് നിർത്തേണ്ടതായി വരും. അതിനാൽ ഈ വർഷം പ്രസ്തുത പോളിടെക്നിക്കിൽ പുതുതായി പോളിമർ ടെക്നോളജി കോഴ്സിന് ശുപാർശ ചെയ്തിട്ടില്ല.

(ഇ) ഗവ. പോളിടെക്നിക്ക്, കോട്ടയം, ഗവൺമെന്റ് പോളിടെക്നിക്ക്, കൊരട്ടി എന്നിവിടങ്ങളിലാണ് ഇപ്പോൾ പോളിമർ ടെക്നോളജി കോഴ്സ് നടന്നുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly